പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 612

03/03/2020 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിന്റെ ഉന്നമനം

| ചോദ്യം<br>ശ്രീ. എം.സ്വരാജ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡിന്റെ ഉന്നമനത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ. എങ്കിൽ വിശദാംശം അറിയിക്കുമോ,<br><br>ബി) ഇതിലൂടെ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ കൺസ്യൂമർ ഫെഡിന് ഉണ്ടായി എന്ന് അറിയിക്കുമോ, | എ) & ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിന്റെ ഉന്നമനം ലക്ഷ്യമാക്കിയും ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി മൂന്ന് അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണ നിർവ്വഹണത്തിനായി സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി നിലവിൽ വന്ന ശേഷം ഫെഡറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കുകയുണ്ടായി. ലാഭകരമല്ലെന്ന് കണ്ടെത്തിയ 741 നന്മ സ്റ്റോറുകൾ അടച്ചുപൂട്ടുകയും അതിലെ താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുകയും ചെയ്തു. വിൽപ്പനയ്ക്ക് ആവശ്യമായ സാധനങ്ങൾ ഇല്ലാത്തതിനാലും മെയിന്റനൻസിനു വേണ്ടി വലിയ തുകകൾ മുടക്കേണ്ടതുള്ളതിനാലും പ്രവർത്തിക്കാൻ കഴിയാതിരുന്ന 83 മൊബൈൽ ത്രിവേണികൾ ലേലത്തിലൂടെ വിൽപ്പന നടത്തി. വിവിധ ഗോഡൗണുകളിലായി കെട്ടിക്കിടന്ന ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തി ഫെഡറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.<br><br>24.01.2019-ൽ ഫെഡറേഷനിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരത്തിൽ വന്നു. കൺസ്യൂമർഫെഡിന്റെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ത്രിവേണി സൂപ്പർമാർക്കറ്റുകൾ, തീരദേശ, മലയോര മേഖലകളിൽ പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി നോട്ട് ബുക്ക്, സ്റ്റേഷനറി നിർമ്മാണ യൂണിറ്റ്, ഇ-ത്രിവേണികൾ, വിദേശമദ്യ- |

| | | | |
|---|---|---|---|
| | | | ബിയർ വ്യാപാരം, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സാധിച്ചു.<br>2012-13 വർഷം മുതലുള്ള ആഡിറ്റ് കുടിശ്ശിക പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി ഫിനാൻഷ്യൽ ആഡിറ്റ് പൂർത്തിയാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തി 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഫിനാൻഷ്യൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിൽ 2013 ൽ പ്രവർത്തനം ആരംഭിച്ച ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ ഡിഫാം കോഴ്സിന് പുറമെ 2018-19 മുതൽ ബിഫാം കോഴ്സ് ആരംഭിക്കുന്നതിന് കഴിഞ്ഞു.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം ഫെഡറേഷനു മുൻ കാലങ്ങളിൽ സബ്സിഡി ഇനത്തിൽ നൽകുവാൻ ബാക്കി നിൽപ്പുണ്ടായിരുന്ന 38.9932 കോടി രൂപ നൽകി, ഇത് ഉൾപ്പടെ സബ്സിഡി ഇനത്തിൽ ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിനായി 2016-17 വർഷത്തിൽ 35 കോടി രൂപയും, 2017-18 -ൽ 67.6632 കോടി രൂപയും, 2019-20-ൽ 20.15 കോടി രൂപയും ഫെഡറേഷനു നൽകിയിട്ടുണ്ട്. ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ സബ്സിഡി ഇനത്തിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് 447.21 കോടി രൂപയുടെ സഞ്ചിതനഷ്ടം ഉണ്ടായിരുന്നു. ഫെഡറേഷന്റെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പ്രവർത്തനങ്ങളിലൂടെ സഞ്ചിത നഷ്ടം നിലവിൽ 243.41 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2015-16 വർഷത്തിൽ ഫെഡറേഷന്റെ ആദ്യ വിറ്റുവരവ് 1717.09 കോടി രൂപയായിരുന്നു. അത് 2016-17 ൽ 1897.41 കോടി രൂപയായും 2017-18 ൽ 2004.84 കോടി രൂപയായും 2018 -19 ൽ 2297.04 കോടി രൂപയായും വർദ്ധിച്ചു. ഇതിന്റെ ഫലമായി 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയുടേയും 2017-18 സാമ്പത്തിക വർഷത്തിൽ 61.28 കോടി രൂപയുടേയും 2018-19 സാമ്പത്തിക വർഷത്തിൽ 80.89 കോടി രൂപയുടേയും പ്രവർത്തനലാഭം നേടുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**